(7) ഐസിന്റ് വിൽപ്പനനികുതി ആദ്യവിൽപ്പന പോയിന്റിൽ മാത്രം 7 ശതമാനം ഈടാക്കും.

ഈ വ്യത്യാസങ്ങൾ മൂലമുള്ള അധികവരവ് 45 ലക്ഷമായിരിക്കുമെന്നു കണക്കാക്കുന്നു.

(ബി) നികുതിവെട്ടിപ്പ് തടയൽ

സംസ്ഥാനാന്തര വ്യാപാരത്തിന്റെ ഭാഗമായ ക്രയവിക്രയങ്ങളുടെ കൂട്ടത്തിൽപ്പെടാത്തതും, സംസ്ഥാനത്തിനകത്ത് നേരിട്ടു വിറ്റഴിക്കപ്പെടാത്തതും എന്നാൽ വ്യാപാരികൾ സ്വന്തമായി മറ്റു സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി നിയോഗിക്കുന്നതുമായ ചില സാധനങ്ങളുടെ മേൽ അവയുടെ വിൽപ്പന പോയിന്റിലോ, വാങ്ങുന്ന പോയിന്റിലോ യാതൊരു വിധനികുതിയും ഇപ്പോൾ ചുമത്തപ്പെടുന്നില്ല. ഇത്തരത്തിലുള്ള സാധനങ്ങളുടെമേലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി അവ വാങ്ങുന്ന പോയിന്റിൽ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നു. ചില നിയമതടസ്സങ്ങൾ മൂലം ഇപ്പോൾ നികുതി ചുമത്താൻ നിവൃത്തിയില്ലാത്തതായ പല ഇടപാടുകളും ഈ നടപടിമൂലം നികുതി നിയമത്തിനു വിധേയമായിത്തീരുന്നു. ഇതുകൊണ്ടു ലഭിക്കുന്ന അധികവരവ് ഏതാണ്ട് 20 ലക്ഷം രൂപയായിരിക്കും.

രജിസ്ട്രേഷൻ ഫീസ്

നികുതി അന്വേഷണക്കമ്മിറ്റി ശുപാർശ ചെയ്തതുപോലെ ഒന്നും നാലും ബുക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രമാണങ്ങളുടെ ഫീസ് പൊതുവിൽ ആധാരവിലയുടെ ഒരു ശതമാനമായി നിജപ്പെടുത്തുന്നതാണ്. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ചില തരത്തിലുള്ള പ്രമാണങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന രജിസ്ട്രേഷൻ ഫീസിളവ് പിൻവലിക്കുന്നതുമാണ്.

മറ്റു കാര്യങ്ങൾക്കായുള്ള ഫീസുകളും താഴെപ്പറയുന്നമാതിരി വ്യത്യാസപ്പെടുത്തുന്നതാണ്:

	നിലവിലുള്ളത് രൂപ	നിർദ്ദേശിച്ചിരിക്കുന്നത് രൂപ
ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റിന്റെ സെക്ഷൻ 64, 65, 66, 67, ഇവപ്രകാരം മെമ്മോറാണ്ടത്തിന്റെ കോപ്പിക്കുള്ള ഫീസ്	1.50	2.50
സെർച്ച് തുടർന്നുകൊണ്ടിരിക്കുന്ന ബുക്കിൽ മറ്റു കൊല്ലത്തേക്കുള്ള സെർച്ച് നടത്തുന്നതിനുള്ള ഫീസ്	1.50	2.00
പവർ ഓഫ് അറേറാർണി റിവോക്കു ചെയ്യുന്നതിനുള്ള ഫീസ്	1.00	2.50
പവർ ഓഫ് അറേറാർണിയുടെ തർജ്ജിമ ഫയൽ ചെയ്യുക, സ്പെഷ്യൽ പവർ ഓഫ് അറേറാർണി ഫയൽ ചെയ്യുക, രസീതു കിട്ടിയ ആളിന്റെ കൈവശം പ്രമാണം മടക്കിക്കൊടുക്കുന്നതിനെ എതിർക്കുന്ന അപേക്ഷ മുതലായവയ്ക്കുള്ള ഫീസ്	0.50	1.50
പ്രമാണത്തിലെ കക്ഷികൾക്കു വേണ്ടി, പ്രമാണം തീർപ്പുവരുത്താതെ നീട്ടിവയ്ക്കുക പ്രമാണം രജിസ്റ്റർചെയ്യാൻ കൂട്ടാക്കാതിരിക്കുക മുതലായവയ്ക്കുള്ള ഫീസ്	0.50	2.50

LIBRARY ARCHIVES Kerala Legislative Assembly

ഈ ഇനങ്ങളിലായി ഏകദേശം 10 ലക്ഷം രൂപയുടെ അധികവരവ് പ്രതീക്ഷിക്കുന്നു.

കോർട്ടുഫീസ്

കേരളാ കോർട്ട്ഫീസ് ആൻറ് സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ ഒന്നാം ഷെഡ്യൂൾ ഒന്നാം ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്ന പത്രികയ്ക്കും (പ്ലെയിൻറ്) മറ്റുചില ഇനങ്ങൾക്കുമുള്ള ഫീസ് നിരക്കുകൾ 37 പൈസയിൽനിന്ന് 40 പൈസയായും 75 പൈസയിൽ നിന്ന് 80 പൈസയായും ഉയർത്തുന്നതാണ്.

ഏതെങ്കിലും നിയമമനുസരിച്ചോ തത്തുല്യമായ റൂളുകൾ അനുസരിച്ചോ ഉള്ള അധികാരം പ്രയോഗിക്കേണ്ടാത്ത തരത്തിലുള്ള അപേക്ഷകൾ സർക്കാരിനു സമർപ്പിക്കുന്നതിനുള്ള ഫീസ് 50 പൈസയിൽനിന്ന് ഒരു രൂപയാക്കുന്നതാണ്. റവന്യൂ ബോർഡിനോ, ചീഫ് എക്സിക്യൂട്ടീവ് അതോറിട്ടിക്കോ സമർപ്പിക്കുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള അപേക്ഷയ്ക്കുള്ള ഫീസ് ഒന്നര രൂപയിൽനിന്നും ഒരു രൂപയാക്കി കുറയ്ക്കുന്നതാണ്.

പ്രോവിഡണ്ട് ഫണ്ട് നിരക്ക്

കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ പ്രോവിഡൻറ് ഫണ്ടിലേക്കു നൽകുന്ന ഏറ്റവും കുറഞ്ഞ നിരക്ക് 6 ശതമാനമാണ്. ഈ നിരക്ക് 1–4–1970 മുതൽ 8 ശതമാനമായി ഉയർത്താൻ ഉദ്ദേശിക്കുന്നു. ഈ കൂടിയ നിരക്ക് എയിഡഡ് സ്കൂളുകളിലെ ജീവനക്കാർക്കുള്ള പ്രോവിഡൻറ്ഫണ്ടിനും കൂടി ബാധകമാക്കുന്നതാണ്. ഇതിൽനിന്നുള്ള അറ്റവരവ് പ്രതിവർഷം ഏതാണ്ട് 70 ലക്ഷം രൂപയായിരിക്കും.

ഒരു പ്രത്യേക വിഭാഗമെന്ന നിലയ്ക്ക് സർക്കാർ ജീവനക്കാർക്ക് കുറഞ്ഞൊരു കാലമായി ലഭിച്ചുവരുന്ന താരതമ്യേന കൂടുതലായുള്ള ആനുകൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൻെറ വിഭവ സഞ്ചയത്തിലേക്ക് അവരുടേതായ ചെറിയ ഒരു സംഭാവന മേൽപ്പറഞ്ഞ തോതിൽ നൽകുന്നതിന് അവർ ഒട്ടും തന്നെ വൈമുഖ്യം കാണിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മേൽ വിവരിച്ച നികുതി നിർദ്ദേശങ്ങളിൽനിന്നു ലഭിക്കുന്ന വരവ് ഏതാണ്ട് 190 ലക്ഷം രൂപയായിരിക്കും. പ്രോവിഡൻറ് ഫണ്ട് നിക്ഷേപത്തിലുള്ള അറ്റവർദ്ധന 70 ലക്ഷം രൂപയാണ്. അങ്ങനെ സംസ്ഥാനത്തിൻെറ വരവിനത്തിൽ മൊത്തത്തിൽ 260 ലക്ഷം രൂപ അധികമുണ്ടാകുന്നതാണ്. സംസ്ഥാനങ്ങൾക്കുള്ള യൂണിയൻ എക്സൈസ് തീരുവകളുടെ 1970–71–ലേക്കുള്ള വിഹിതത്തിൽ നേരിയതോതിൽ വർദ്ധനയുണ്ടെന്നുള്ള വിവരം ബഡ്ജറിനു അന്തിമരൂപം കൊടുത്തതിനു ശേഷമാണ് അറിഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിൻെറ വിഹിതത്തിലുള്ള വർദ്ധന ഏതാണ്ട് 15 ലക്ഷം രൂപയാണ്. എസ്റേറ്റ് ഡ്യൂട്ടി ഇനത്തിലും രണ്ടുലക്ഷം രൂപ കൂടുതൽ ലഭിക്കുന്നതാണ്. ഇക്കാര്യങ്ങളെല്ലാം കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറിലെ മൊത്തം കമ്മി 25.86 കോടി രൂപയിൽനിന്നും 23.09 കോടി രൂപയായി കുറയുന്നതാണ്. തന്നിമിത്തം വർഷാവസാനത്തിലുള്ള നീക്കിയിരിപ്പ്–36.83 കോടി രൂപയായിരിക്കുമെന്നു കണക്കാക്കുന്നു.

പെൻഷൻ ആനുകൂല്യങ്ങൾ

സംസ്ഥാന ഗവൺമെൻറിൻെറ സാമ്പത്തികസ്ഥിതി അനുകൂലമല്ലെങ്കിലും അഗതികളും പെൻഷൻകാരിൽ ഒരു വിഭാഗവും സത്വരമായ ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly